**15 -ാം കേരള നിയമസഭ**

**2 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 471** **23-07-2021 - ൽ മറുപടിയ്ക്ക്**

**പുഴയോര സംരക്ഷണം**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. എൻ . ഷംസുദീൻ | | Shri Roshy Augustine<br>(ജലവിഭവ വകുപ്പ് മന്ത്രി) | |
| (എ) | സംസ്ഥാനത്തെ പുഴയോര സംരക്ഷണത്തിനായി ജലവിഭവ വകുപ്പ് സ്വീകരിച്ചിട്ടുള്ള നടപടികൾ എന്തെല്ലാമാണെന്ന് വിശദമാക്കുമോ; | (എ) | Flood control, Flood damages എന്നി ശീർഷകങ്ങളിൽ ലഭ്യമാകുന്ന ഫണ്ട് ഉപയോഗിച്ചാണ് പുഴയോര സംരക്ഷണ പ്രവൃത്തികൾ നിലവിൽ നടത്തി വരുന്നത്. പുഴയുടെ കരയിടിച്ചിലുമായി ബന്ധപ്പെട്ട പരാതികൾ ലഭ്യമാകുന്ന മുറയ്ക്ക് അടിയന്തിരമായി സംരക്ഷണ ഭിത്തി നിർമ്മിക്കേണ്ട സ്ഥലങ്ങളിൽ കല്ല് / കോൺക്രീറ്റ് ഉപയോഗിച്ച് പുഴയോര സംരക്ഷണ ഭിത്തി നിർമാണം നടത്തി വരുന്നു . |
| (ബി) | മണ്ണാർക്കാട് മണ്ഡലത്തിലൂടെ ഒഴുകുന്ന കുന്തിപ്പുഴയുടെ തീരങ്ങൾ പലഭാഗങ്ങളിലും ഇടിഞ്ഞ് പോകുന്നത് തടയുവാൻ നടപടി സ്വീകരിക്കുമോ; എങ്കിൽ എന്തെല്ലാം നടപടികൾ സ്വീകരിക്കുമെന്നതിന്റെ വിശദാംശം നൽകുമോ? | (ബി) | മണ്ണാർക്കാട് മണ്ഡലത്തിലൂടെ ഒഴുകുന്ന കുന്തിപ്പുഴയുടെ പലഭാഗങ്ങളിലും മഴക്കാലങ്ങളിൽ കരയിടിഞ്ഞു പോകുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. കരകൾ പുനഃസ്ഥാപിക്കുന്നതിനും സംരക്ഷിക്കുന്നതിനുമായി വിവിധ പദ്ധതികളിലായിട്ടു നാലു പ്രവൃത്തികൾ 76 ലക്ഷം രൂപ ചെലവിൽ പൂർത്തിയാക്കി. കൂടാതെ ചുവടെ ചേർക്കുന്ന മൂന്ന് പ്രവൃത്തികളുടെ എസ്റ്റിമേറ്റ് തയ്യാറാക്കിവരികയാണ്.<br>1.തെങ്കര ഗ്രാമപഞ്ചായത്തിൽ കുന്തിപ്പുഴയിൽ തത്തേങ്ങലത്തു ഇടത് കര പാർശ്വഭിത്തി നിർമാണം<br>2.കുമരംപുത്തൂർ ഗ്രാമപഞ്ചായത്തിൽ കുന്തിപ്പുഴയുടെ വലത്കര തരിശ്ശിൽ പാർശ്വഭിത്തി നിർമാണം<br>3.മണ്ണാർക്കാട് മുനിസിപ്പാലിറ്റിയുടെ പരിധിയിൽ കുന്തിപ്പുഴയിൽ പോത്തോഴിക്കാവ് തടയണക്ക് താഴെ ഇടത് കര പാർശ്വഭിത്തി നിർമാണം |

സെക്ഷൻ ഓഫീസർ